**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ത്രിതല പഞ്ചായത്തുകളിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിന് കമ്മിറ്റി രൂപീകരിക്കുവാൻ നിർദ്ദേശിച്ചു കൊണ്ടുള്ള ഉത്തരവ് നഗരസഭകൾക്ക് കൂടി ബാധകമാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യു) വകുപ്പ്**

സ.ഉ.(സാധാ) നം.267/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 08.02.2019

---

പരാമർശം:- 1. സ.ഉ(സാധാ) നം. 3033/2014/തസ്വഭവ തീയതി 21.11.2014
2. സ.ഉ(സാധാ) നം.2878/2015/തസ്വഭവ തീയതി 22.09.2015
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 21.03.2018 ലെ 4.56 ഇനം തീരുമാനം.
4. തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 05.11.2018 ലെ ഡി.ബി3-753/2012/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

ത്രിതല പഞ്ചായത്തുകളിലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സാങ്കേതികാനുമതി നൽകുന്നതിനും പി.ഡബ്ല്യു.ഡി, കെ.എസ്.ഇ.ബി എന്നിവിടങ്ങളിൽ നിന്നും വിരമിച്ച എഞ്ചിനീയർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് പരാമർശം (2) ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു.

2. ത്രിതല പഞ്ചായത്തുകളിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിന് കമ്മിറ്റി രൂപീകരിക്കുവാൻ നിർദ്ദേശിച്ചുകൊണ്ടുള്ള 22.09.2015 ലെ സ.ഉ(സാധാ) നം.2878/2015/തസ്വഭവ ഉത്തരവ് നഗസഭകൾക്ക് കൂടി ബാധകമാക്കുവാൻ 21.03.2018 ന് ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി ഇനം 4.56 പ്രകാരം തീരുമാനിച്ചു. ത്രിതല പഞ്ചായത്തുകളിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ സുഗമമായും കാര്യക്ഷമമായും നടന്നുവരുന്നതായി തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. മേൽ സാഹചര്യത്തിൽ, ത്രിതല പഞ്ചായത്തുകളിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിന് കമ്മിറ്റി രൂപീകരിക്കുവാൻ നിർദ്ദേശിച്ച കൊണ്ടുള്ള പരാമർശം (2) ഉത്തരവ് സംസ്ഥാനത്തെ എല്ലാ നഗരസഭകൾക്കും കൂടി ബാധകമാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ എബ്രഹാം**
അഡീഷണൽ സെക്രട്ടറി

1 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
3 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
4 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
5 എല്ലാ കോർപ്പറേഷൻ/നഗരസഭാ സെക്രട്ടറിമാർക്കും *(നഗരകാര്യ ഡയറക്ടർ മുഖേന)*
6 എല്ലാ സൂപ്രണ്ടിംഗ്/എക്സിക്യൂട്ടീവ്/അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും *(തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന)*
7 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
8 അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം
9 ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
10 എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
11 വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
12 കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.